# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 498 30/06/2016-ൽ മറുപടിക്ക്

## പട്ടിക വർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അവർക്ക് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. 13/08/2007 സ.ഉ. (എം.എസ്) 45/2007/പജപവവിവി നമ്പർ ഉത്തരവിലെയും അതിലെ മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾക്കനുസരിച്ചുള്ള ആനുകൂല്യങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്നത്. എ.പി.എൽ/ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ. വിഭാഗക്കാർക്ക് (വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾ വഴി ടി പദ്ധതി നടപ്പാക്കിവരുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ അനുമതി നൽകി ചികിത്സാ ചെലവ് അനുവദിച്ചു വരുന്നുണ്ട്. ആശുപത്രിയിൽ സൗജന്യമായി നൽകാൻ ഇല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രിയോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ വികസന സമിതി അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്തെ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽനിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത അവസരങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപവരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളായവരുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു. |

സെക്ഷൻ ഓഫീസർ